പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 8231 17.07.2014 ലെ മറുപടിക്ക്

## പട്ടികജാതി സങ്കേതങ്ങൾ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി സങ്കേതങ്ങൾ പദ്ധതിയിൽ എത്ര പട്ടികജാതി കോളനികളെ വീതം ഓരോ വർഷവും ഏറ്റെടുത്തിട്ടുണ്ടെന്നും ഇതിൽ എത്ര കോളനികളിൽ പദ്ധതി പൂർണ്ണമായിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | 2012-13 ൽ 120 ഉം, 2013-14 ൽ 102 ഉം കോളനികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്.<br>2012-13 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത കൊല്ലം ജില്ലയിലെ നിലയ്ക്കൽ കോളനിയിൽ പദ്ധതി പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന കോളനികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | പട്ടികജാതി സങ്കേതങ്ങളിൽ നടപ്പാക്കുന്ന വ്യക്തിഗതക്ഷേമ പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ; | (ബി) | വൈദ്യുതീകരണം, ഭവനപുനരുദ്ധാരണം, അടുക്കളത്തോട്ടങ്ങൾ, വരുമാനദായക പദ്ധതികൾ, വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ എന്നിവയാണ് കോളനികളിൽ ചെയ്യാനുദ്ദേശിക്കുന്ന വിവിധ വ്യക്തിഗതക്ഷേമ പ്രവർത്തനങ്ങൾ. |
| (സി) | പട്ടികജാതി സങ്കേതങ്ങളെ തെരഞ്ഞെടുക്കുന്നത് ഏതു വർഷം നടത്തിയ പട്ടികജാതി കോളനികളുടെ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | 2009-10 ലെ 'കില' നടത്തിയ സർവ്വെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പട്ടികജാതി സങ്കേതങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ